**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3536** **05-08-2021 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന് കീഴിലുള്ള ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്; വിശദമാക്കാമോ; | (എ) | വ്യവസായ വകുപ്പിന് കീഴിലുള്ള ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | വ്യവസായ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നൂതന സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി ഉൽപ്പാദന സംവിധാനങ്ങളുടെ കാലാനുസൃതമായ നവീകരണം, വിപുലീകരണം, വിപണന സാധ്യത എന്നിവ കണക്കിലെടുത്ത് ഉല്പാദന രംഗത്ത് വൈവിധ്യവത്ക്കരണം നടപ്പിലാക്കുക, നിലവിലെ വിപണി വിപുലീകരിക്കുക എന്നീ കാര്യങ്ങൾക്ക് പ്രാമുഖ്യം നൽകികൊണ്ടുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. ഇതിനായി ബഡ്ജറ്റിൽ നിന്നും കൂടുതൽ ധനസഹായവും അനുവദിച്ചുവരുന്നു. പ്രവർത്തന മൂലധനത്തിന് പ്രയാസം നേരിടുന്ന സ്ഥാപനങ്ങൾക്ക് ധനസഹായവും സർക്കാർ നൽകുന്നുണ്ട്. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിന്റെ ഭാഗമായി അടുത്ത പത്ത് വർഷത്തെ പ്രവർത്തനങ്ങൾ മുന്നിൽ കണ്ടുകൊണ്ടും സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഒന്നാംഘട്ട അവതരണം കഴിഞ്ഞിട്ടുണ്ട്. അതത് മേഖലയിലെ സാങ്കേതിക വിദ്ഗ്ദ്ധ സമിതിയുടെ പരിശോധനകൾക്ക് ശേഷം മാസ്റ്റർ പ്ലാനുകൾക്ക് അന്തിമ അംഗീകാരം നൽകി നടപ്പിലാക്കുമ്പോൾ വലിയ മാറ്റങ്ങൾ പ്രകടമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതു കൂടാതെ ഓരോ സ്ഥാപനങ്ങളുടെയും പ്രവർത്തനം പ്രത്യേകമായി അവലോകനത്തിന് വിധേയമാക്കുന്നതിനാൽ പ്രവർത്തനം സംബന്ധിച്ച വിവിധ പ്രശ്നങ്ങൾക്ക് സമയ ബന്ധിതമായി പരിഹാരം കണ്ടെത്തുന്നതിനും സാധിക്കുന്നുണ്ട്. ഇതിന്റെ ഫലമായി സ്ഥാപനങ്ങളുടെ വിറ്റുവരവിലും |

| | | | |
|---|---|---|---|
| | | | ലാഭത്തിലും വർദ്ധനവ് ഉണ്ടാക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ നഷ്ടം കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**PSUS UNDER THE CONTROL OF INDUSTRIES DEPARTMENT WHO SHOWED PROFIT IN THE YEAR 2019-20**

| SL. NO | NAME OF ENTERPRISE |
|---|---|
| 1 | Forest Industries (Travancore) Limited |
| 2 | Keltron Component Complex Limited |
| 3 | Kerala Artisans Development Corporation Limited |
| 4 | Kerala Electrical and Allied Engineering Company Limited |
| 5 | Kerala Industrial Infrastructure Development Corporation |
| 6 | Kerala State Drugs and Pharmaceutical Limited |
| 7 | Kerala State Electronics Development Corporation Limited (KELTRON) |
| 8 | Kerala State Industrial Development Corporation |
| 9 | Kerala State Industrial Enterprises Limited |
| 10 | Steel Industrials Kerala Limited |
| 11 | The Kerala Minerals and Metals Limited |
| 12 | The Kerala State Coir Corporation Limited |
| 13 | The Travancore Cochin Chemicals Limited |
| 14 | Transformers and Electricals Kerala Limited |
| 15 | Kerala Cashew Board Limited |
| 16 | Kerala State Coir Machinery Manufacturing Company Limited |

സെക്ഷൻ ഓഫീസർ